## പത്രക്കുറിപ്പ് (29.07.2017 )

## പാസ്സ്പോർട്ട് അന്വേഷണ മികവ് – തൃശ്ശൂർ സിറ്റി പോലീസ് ഒന്നാമത്.

പാസ്സ്പോർട്ട് അന്വേഷണ പ്രക്രിയ ഏറ്റവും വേഗത്തിലാക്കിയതിനു ഒന്നാം സ്ഥാനത്തിനുള്ള പുരസ്കാരം കൊച്ചിൻ റീജണൽ പാസ്സ്പോർട്ട് ഓഫീസിൽ വെച്ച് നടന്ന ചടങ്ങിൽ തൃശ്ശൂർ സിറ്റി പോലീസിന് കൊച്ചിൻ റീജണൽ പാസ്സ്പോർട്ട് ഓഫീസർ ശ്രീ. പ്രശാന്ത് ചന്ദ്രൻ IES കൈമാറി. 2016- 2017 വർഷത്തിലെ പ്രവർത്തന മികവ് കണക്കിലെടുത്താണ് പുരസ്കാരം നൽകിയത്. 2016 – 2017 വർഷത്തിലെ ഇന്ത്യയിലെ മികച്ച പാസ്സ്പോർട്ട് ഓഫീസായി കൊച്ചിൻ റീജണൽ പാസ്സ്പോർട്ട് ഓഫീസിനെ തിരഞ്ഞെടുത്തതിനെ തുടർന്നാണ് കൊച്ചിൻ റീജണൽ പാസ്സ്പോർട്ട് ഓഫീസിനു കീഴിലുള്ള ജില്ലകളിൽ നിന്നും തൃശ്ശൂർ സിറ്റി പോലീസിനെ ഒന്നാമതായി തിരഞ്ഞെടുത്തത്. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം തൃശ്ശൂർ റൂറൽ പോലീസ് ജില്ലയ്ക്കും, ആലപ്പുഴ ജില്ലയ്ക്കുമാണ് ലഭിച്ചത്. പാസ്സ്പോർട്ട് സംബന്ധമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ ത്വരിതവേഗത്തിലാക്കുന്നതിനായി പാസ്സ്പോർട്ട് അന്വേഷണ സംബന്ധമായി മുഴുവൻ പ്രവർത്തികളും തൃശ്ശൂർ സിറ്റി പോലീസ് ഡിജിറ്റൽ സംവിധാനം വഴിയാണ് നടത്തി വരുന്നത്. ഇതിനായി വികസിപ്പിച്ചെടുത്ത evip (Electronic Verification Interface for Passport Applications) സംവിധാനം കഴിഞ്ഞ വർഷം മുതൽ തന്നെ തൃശ്ശൂർ സിറ്റി പോലീസ് നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്ത് ആദ്യമായി ഈ സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയ പോലീസ് ജില്ലയാണ് തൃശ്ശൂർ സിറ്റി. ജില്ലാ പോലീസ് മേധാവി തൃശ്ശൂർ സിറ്റിയ്ക്ക് വേണ്ടി പാസ്സ്പോർട്ട്

അന്വേഷണ ചുമതലയുള്ള സ്പെഷ്യൽ ബ്രാഞ്ച് എസ്.ഐ ശെൽവരാജ്, സി.പി.ഒ ബാലകൃഷ്ണൻ എന്നിവർ ചേർന്നാണ് കൊച്ചിൻ റീജണൽ പാസ്പോർട്ട് ഓഫീസിൽ നിന്നും പുരസ്കാരം ഏറ്റു വാങ്ങിയത്.



Sd/-

ജില്ലാ പോലീസ് മേധാവി,

തൃശ്ശൂർ സിറ്റി.